മദ്യഷാപ്പ് ലേലം.

* 212. [24] ശ്രീ. കെ. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലത്തെ മദ്യഷാപ്പുലേലത്തുകയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) മദ്യഷാപ്പ് ലേലംസംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടായതായി ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇക്കൊല്ലത്തെ (1955-56-ലെ) മദ്യഷാപ്പ് ലേലത്തുക കഴിഞ്ഞതായാണ്ടത്തെ (1954-55-ലെ) ലേലത്തുകയിൽനിന്നും 14,45,430 രൂപ കുറവാണ്.

(ബി) പൊതുവെയുള്ള സാമ്പത്തികാധഃപതനമാണ്. പ്രത്യേകിച്ചും മലഞ്ചരക്കുകളുടെ വിലക്കുറവുനിമിത്തം സംസ്ഥാനത്തിലെ വടക്കൻ പ്രദേശങ്ങളിൽ മദ്യഷാപ്പുലേലത്തുകയും കുറഞ്ഞുപോയിട്ടുണ്ട്.

(സി) കൊല്ലം താലൂക്ക് കള്ളുഷാപ്പുകളുടെ ലേലം സംബന്ധിച്ചും തൃശ്ശൂർ ടൗൺ വിദേശമദ്യഷാപ്പുലേലം സംബന്ധിച്ചും പരാതിഹർജികൾ ഗവണ്മെൻറിന ലഭിച്ചിട്ടുണ്ടായിരുന്നു. അന്വേഷണത്തിൽ കൊല്ലം താലൂക്കിലെ കള്ളുഷാപ്പുലേലത്തിൽ യാതൊരു ക്രമക്കേടും ഉണ്ടായിരുന്നില്ലെന്ന് ഗവണ്മെൻറിന ബോധ്യമായി. തൃശ്ശൂർ ടൗൺ വിദേശമദ്യഷാപ്പിന്റെ ആദ്യലേലത്തിൽ ചേരാൻ എല്ലാവർക്കും അവസരം കിട്ടിയില്ലാ എന്ന കാരണത്തിന്മേൽ പ്രസ്തുതഷാപ്പ് പുനർലേലം ചെയ്യാൻ ഗവണ്മെൻറുത്തരവിട്ടു.

ശ്രീ. കെ. ടി. തോമസ്: മദ്യഷാപ്പ് ലേലംസംബന്ധിച്ച് മൊത്തത്തിൽ ക്രമക്കേടുകൾ ഉണ്ടായതായി ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല.

കുഴൽക്കിണർ.

* 213.† [25] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55 വർഷത്തിൽ സംസ്ഥാനത്ത് എത്ര കുഴൽക്കിണർ തീർത്തിട്ടുണ്ട്; അവ എവിടെയൊക്കെ;

(ബി) കുമരം, തിരുവാർപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ വേനൽക്കാലത്ത് ഓരുവെള്ളം വർഷകാലത്ത് കലക്കവെള്ളം കൂടിക്കുന്നതിനു നല്ല വെള്ളം കിട്ടാത്തതിനാൽ കഴിയുന്നതും വേഗം ടി സ്ഥലങ്ങളിൽ ആവശ്യമായ കുഴൽക്കിണർ തീർക്കണമെന്നു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

† As the member was absent, the question was put by Shri Prakulam Bhasi with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി നടത്തി;

(ഡി) 1955-56-ൽ ഏതൊക്കെ പ്രദേശത്തു കുഴൽക്കിണർ തീർക്കുന്നതെന്നു നിശ്ചയം ചെയ്തിട്ടുണ്ടു്; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളാണു് തിരഞ്ഞെടുത്തിട്ടുള്ളതു്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) പത്തനഞ്ചു്. ആരുവാമൊഴി, എട്ടെണ്ണം, ബാക്കി ഏഴെണ്ണം ചെറുവിക്കോണം, നീണ്ടകര, മൺറോത്തുരുത്തു്, ചവറ, കനകക്കുന്നു്, കിടപ്പുറംമുറി, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ.

(ബി) ഉണ്ടു്.

(സി) കുമരകത്തു് ഒരു കുഴൽക്കിണർ ഈ വർഷത്തിൽത്തന്നെ കുഴിക്കുന്നതാണു്. മറ്റു സ്ഥലങ്ങളെ സംബന്ധിച്ചു് ആവശ്യമായ അന്വേഷണങ്ങളും നടത്തിവരുന്നുണ്ടു്.

(ഡി)

1.	കോഴിക്കോടു്.	12.	കീരിക്കാടു്.
2.	ആലപ്പുഴ.	13.	മാലിപ്പുരം.
3.	അഴീക്കൽ.	14.	ഞാറയ്ക്കൽ.
4.	മംഗലം.	15.	ചെറായി.
5.	ആറാട്ടുപുഴ.	16.	ചേത്തല.
6.	ശ്രായിക്കാടു്.	17.	കുമരകം.
7.	കുഴിത്തുറ.	18.	നെടുമ്പ്രി.
8.	ചെറിയഴീക്കൽ.	19.	പൂന്തുറ.
9.	പണ്ടാരത്തുരുത്തു്.	20.	ശക്തികുളങ്ങര.
10.	വെള്ളാനത്തുരുത്തു്.	21.	വക്കല
11.	ഗോവിന്ദമുറം.	22.	ഏരിയാടു്

ശ്രീ. പ്രാക്കുളം ഭാസി: കുഴൽക്കിണർ കുഴിക്കുന്നതിലേയ്ക്കു് ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടു്?

ശ്രീ. കെ. ഐ. വേലായുധൻ: അതു പ്രത്യേകം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ എത്രമാത്രം കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ടു്?

ശ്രീ. കെ. ഐ. വേലായുധൻ: അതിനെ സംബന്ധിച്ചുള്ള വിവരങ്ങളാണു് ഇപ്പോൾ പറഞ്ഞതു്.

ശ്രീ. പ്രാക്കുളം ഭാസി: ഇതു് കുറേക്കാലമായി പറഞ്ഞുതുടങ്ങിയിട്ടു്; എന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: പ്രവൃത്തി തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നതുമുണ്ടു്.

ശ്രീ. പി. കെ. ശ്രീധരൻ: ഏതു ഡിപ്പാർട്ടുമെന്റിന്റെ മേൽനോട്ടത്തിലാണു് ഇപ്പോൾ കുഴൽക്കിണറുകൾ കുഴിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ഐ. വേലായുധൻ : പബ്ലിക് വർക്സ് ഡിപ്പാർട്ടമെന്റിന്റെ മേൽനോട്ടത്തിലാണ്.

ശ്രീ. പി. കെ. ശ്രീധരൻ : പബ്ലിക് വർക്സ് ഡിപ്പാർട്ടമെന്റിൽനിന്നും ഇരിന്നുള്ള ഡ്രില്ലിംഗ് മെഷീൻ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലേയ്ക്ക് ഹാൻഡോവർ ചെയ്തിരിക്കുകയാണ് എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. എ. എ. റഹിം : സർ, പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടമെന്റ് ഇപ്പോൾ കുഴൽക്കിണറുകൾ കുഴിക്കുന്നതു സംബന്ധിച്ചുള്ള പ്രവൃത്തികൾ ചെയ്യുവരികയാണ്. അതിന്റെ പ്രവർത്തനഫലമായി മൂന്നു നാലു ഡ്രില്ലിംഗ് മെഷീനുകൾ ആ ഡിപ്പാർട്ടുമെന്റിലുണ്ട്. കൂടാതെ പഞ്ചായത്തുകളുടെ ആവശ്യത്തിലേയ്ക്കുള്ള ഡ്രില്ലിംഗ് മെഷീനുകൾ വന്നിട്ടുണ്ട്. ഇതിനും പുറമെ രണ്ടു ഡ്രില്ലിംഗ് മെഷീനുകൾകൂടി സെൻട്രൽഗവണ്മെന്റിൽനിന്നും അയച്ചുതരാമെന്നു പറഞ്ഞിട്ടുണ്ട്. അതുംകൂടി ലഭിച്ചു കഴിഞ്ഞാൽ എല്ലാസ്ഥലത്തേയ്ക്കും ആവശ്യമുള്ള കുഴൽക്കിണറുകൾ കുഴിപ്പിക്കാൻ സൗകര്യം ലഭിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : അപ്പോൾ ഈ ലിസ്റ്റനുസരിച്ചു പ്രയോറിറ്റി വെച്ചു വംശം ഉദ്ദേശിക്കുന്നതു? മറ്റു സ്ഥലങ്ങളിൽക്കൂടി കുഴൽക്കിണറുകൾ സ്ഥാപിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. എ. എ. റഹിം : ലിസ്റ്റനുസരിച്ചുള്ള പ്രയോറിറ്റി ഉണ്ടായിരിക്കും. കൂടാതെ മറ്റു സ്ഥലങ്ങളിലും കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതാണ്.

Tapioca market Expansion Board.

* 214. [26] ശ്രീ. ടി. ദിവാകരൻ : തെക്കെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മരച്ചീനി മാർക്കറ്റ് എക്സ്പാൻഷൻ ബോർഡു് സംഘടിപ്പിച്ചതിനുശേഷം ആഗസ്റ്റു് അവസാനംവരെ എത്ര യോഗം കൂടിയിട്ടുണ്ടു്;

(ബി) ടി യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങളെടുത്തു;

(സി) ഈ തീരുമാനങ്ങളിൽ നടപ്പിൽവരുത്തുന്നതിനു് ഗവണ്മെന്റിനിന്നും എന്തു നടപടികൾ സ്വീകരിച്ചു;

(ഡി) ബോർഡിന്റെ പ്രവർത്തനത്തിനുശേഷം ആഗസ്റ്റു് അവസാനംവരെ 25-4-55-ലെ ഉത്തരവിൻപ്രകാരമുള്ള പ്രചാരണത്തിനു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, സഞ്ചാരച്ചെലവിനത്തിൽ എത്ര രൂപ ചെലവായി;

(ഇ) എത്ര മരച്ചീനി സഹകരണസംഘങ്ങൾക്കു രൂപീകരിച്ചു; എത്ര ഗ്രാന്റു നൽകി;

(എഫ്) എത്ര ഡിപ്പോകൾ ആഗസ്റ്റുമാസം അവസാനംവരെ തുറന്നു, എത്ര ടൺ മരച്ചീനി വാങ്ങി; എത്ര ടൺ വിറ്റഴിച്ചു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) രണ്ടു യോഗം കൂടിയിട്ടുണ്ടു്,

LIBRARY ARCHIVES Kerala Legislative Assembly